LIBRARY ARCHIVES Kerala Legislative Assembly

വടക്കൻ ജില്ലകളിലെ വോൾട്ടേജ് ക്ഷാമം

29 (3182) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ ജില്ലകളിലെ ഉൾനാടൻ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കാലവർഷത്തിന് മുന്നോടിയായി നടത്തിവരുന്ന മെയിന്റനൻസ് പ്രവൃത്തികൾ കാര്യക്ഷമമായി നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ വകുപ്പിനു കീഴിൽ പ്രായോഗിക നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ടോ;

(സി) വൈദ്യുതി വിതരണത്തിന് പരമാവധി കൃത്യതയും, പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും മേൽപ്പറഞ്ഞ പ്രവൃത്തികൾ അനിവാര്യമാണെന്ന് മനസ്സിലാക്കി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 885 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും 1630 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 956.18 കി. മീ. എൽ.റ്റി. ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റിസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1066 കി. മീ. എച്ച്.റ്റി. ലൈൻ നിർമ്മിക്കാനും 1617 ട്രാൻസ്ഫോർമർ സ്ഥാപിക്കാനും 1339 കി.മീ. എൽ.റ്റി. സിംഗിൾഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റിസ്ഥാപിക്കാനും ലക്ഷ്യമിട്ടിട്ടുള്ളതിൽ ഇതുവരെ 87.22 കി. മീ. 11 കെ. വി. ലൈൻ നിർമ്മിക്കുകയും 232 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 151.96 കി. മീ. എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി നിരക്കുകൾ

30 (3183) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ എൽ.ടി I(എ) എൽ.ടി I(ബി), എൽ.ടി.II, എൽ.ടി III/ IV/V/ VI/ VI ബി/ VI സി / VI ഡി/എൽ.ടി VII

(എ)/VII ബി/VII സി, എൽ.ടിVIII,/എൽ.ടിIX,/എൽ.ടി X, ഹൈടെൻഷൻ, /എക്സ്ട്രാ ഹൈടെൻഷൻ , എച്ച്.ടി I എച്ച്.ടി II , എച്ച്.ടി III , എച്ച്.ടി IV, ഇ.എച്ച്.ടി. വിഭാഗം റയിൽ ട്രാക്ഷൻ, മറ്റ് ബൾക്ക് ഉപഭോക്താക്കൾ, ലൈസൻസികൾ എന്നിവയുടെ വൈദ്യുതി നിരക്കുകൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഓരോ വിഭാഗത്തിലും ഈ സർക്കാർ എത്ര തവണകളായി എത്ര തുകയുടെ വർദ്ധനവ് വരുത്തിയെന്നും ഏതെങ്കിലും വിഭാഗങ്ങൾക്ക് കുറവ് വരുത്തിയോയെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ ഇവയ്ക്കുള്ള വൈദ്യുതി നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്ന് പ്രാവശ്യമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. 1-7-2012 മുതലും, 1-5-2013 മുതലും 16-8-2014 മുതവും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിരുന്നു. ഓരോ വിഭാഗം ഉപഭോക്താക്കളുടെ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോഴുള്ള ചാർജ്ജും, തുടർന്നുള്ള നിരക്കുകളും, അതിൻപ്രകാരമുള്ള വർദ്ധനവും, നിലവിലുള്ള നിരക്കും അനുബന്ധമായി കൊടുത്തിരിക്കുന്നു.*

വൈദ്യുതി വിതരണത്തിന് അണ്ടർഗ്രൗണ്ട് കേബിളുകൾ

31 (3184) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ കുറയ്ക്കുന്നതിന് അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാമാണ് ;വ്യക്തമാക്കാമോ?

ഉത്തരം

(എ) വിതരണ മേഖല ശക്തിപ്പെടുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിവരുന്ന പദ്ധതിയായ പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP)-യിൽ ഉൾപ്പെട്ടിട്ടുള്ള 11 KV ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly